1, ടയർ 2 മൂലധനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മാത്രമല്ല നിക്ഷേപം നടത്തുകയോ, വായ്പ എടുക്കുകയോ ചെയ്യുന്ന വ്യക്തികളിൽനിന്ന് നോമിനൽ ഓഹരിയായും അധിക മൂലധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം

84 (6535) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പാലോട് രവി :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെ ആണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) രൂപം നൽകിയിട്ടുണ്ട്. ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന സഹകരണ സംഘങ്ങൾക്കായി സംസ്ഥാന പദ്ധതിപ്രകാരവും എൻ.സി.ഡി.സി. പദ്ധതിപ്രകാരവും ധനസഹായം നൽകിവരുന്നു. കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സംഘങ്ങളുടെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി. സഹായത്തോടുകൂടി വിനോദസഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന പദ്ധതിപ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 17 അനുപാതത്തിൽ പരമാവധി 20 ലക്ഷംരൂപവരെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടൂറിസം വികസനത്തിനായി ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000 രൂപവീതം ഓഹരി മൂലധന സഹായവും നൽകിവരുന്നു. എൻ.സി.ഡി.സി. പദ്ധതിപ്രകാരം സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസത്തിന്റെ സാധ്യതകൾ ധാരാളമുള്ളതും എന്നാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് ഏജൻസികൾക്ക് സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പ്രദേശങ്ങളിൽകൂടി പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാണ് ടൂറിസം സഹകരണ സംഘങ്ങൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. ടി സംഘങ്ങളുടെ പ്രവർത്തനപരിധിക്കകത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, സ്റ്റഡി സെന്ററുകൾ എന്നിവ തുടങ്ങുവാനും ടൂർ പാക്കേജുകൾ തയ്യാറാക്കുന്നതിനും സംസ്ഥാനപദ്ധതിപ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി. സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എൻ.സി.ഡി.സി. പദ്ധതിപ്രകാരം സംഘം സമർപ്പിക്കുന്ന അപേക്ഷകൾ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടൂറിസം വികസനം ഏറ്റെടുത്ത് നടത്തുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും ഓഹരി മൂലധന സഹായവും വായ്പയും നൽകിവരുന്നു. വാഹനം വാങ്ങുന്നതിനും ഹോട്ടലുകൾ, ഗസ്റ്റ് ഹൗസ്, റസ്റ്റോറന്റുകൾ, ക്യാന്റീനുകൾ, റസ്റ്റ് റൂമുകൾ, എക്കോ ഫ്രണ്ട്ലി പാർക്കുകൾ എന്നിവ നിർമ്മിക്കുന്നതിനും വിപുലീകരിക്കുന്നതിനുമാണ് എൻ. സി.ഡി.സി. പദ്ധതിപ്രകാരം ധനസഹായം നൽകിവരുന്നത്.

(സി) ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനും ഗസ്റ്റ് ഹൗസുകൾ, റിസോർട്ടുകൾ എന്നിവ നിർമ്മിക്കുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും എൻ.സി.ഡി.സി. പദ്ധതിപ്രകാരം സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകിവരുന്നു. സംഘം പുരോഗതി കൈവരിക്കുന്ന മുറയ്ക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയുന്നതാണ്.

സഹകരണ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ

85 (6536) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പാസാക്കിയ സഹകരണ നിയമം നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ തയ്യാറാക്കിയോ എന്ന് വ്യക്തമാക്കുമോ ;

(ബി) തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ഇതുസംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പാസ്സാക്കിയ 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായുള്ള ചട്ടങ്ങളുടെ കരട് തയ്യാറാക്കി 14-2-2014-ലെ 365/2013/സഹ. നമ്പരായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് 25-2-2014-ലെ കേരള ഗസറ്റ് അസാധാരണം വാല്യം-3 നമ്പർ 728 ആയി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരട് ചട്ടം അനുബന്ധമായി ചേർത്തിരിക്കുന്നു.* കരട് ചട്ടങ്ങളിൽ ലഭിച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly